"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം- വടകര ജി.വി.എച്ച്.എസ് & ടി.എച്ച്.എസ്.-ലെ നോൺ വൊക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് (ജൂനിയർ) ആയ ശ്രീമതി രേഷ്മ പി.ടി.യ്ക്ക് 24/09/2025 മുതൽ 05/11/2025 വരെ സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3264/2026/GEDN തീയതി,തിരുവനന്തപുരം, 12-05-2026

പരാമർശം:-
1. 24.08.2017 ലെ സ.ഉ. (പി) നം. 112/2017/ധന ഉത്തരവ്
2. ശ്രീമതി രേഷ്മ പി.ടി.യുടെ 24.09.2025 തീയതിയിലെ അപേക്ഷ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.03.2026 തീയതിയിലെ വിഎച്ച്എസ്ഇ/55/2026-ഇ4 നമ്പർ കത്ത്

**ഉത്തരവ്**

വടകര ജി.വി.എച്ച്.എസ് & ടി.എച്ച്.എസ്.-ലെ നോൺ വൊക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് (ജൂനിയർ) ആയ ശ്രീമതി രേഷ്മ പി.ടി.യ്ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ അപകടം സംഭവിച്ചതിനാൽ ടിയാൾക്ക് 24/09/2025 മുതൽ 05/11/2025 വരെ SPECIAL DISABILITY LEAVE അനുവദിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെയാണ് അപകടം സംഭവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രവും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷക അവധി കഴിഞ്ഞ് 06.11.2025 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വടകര ജി.വി.എച്ച്.എസ് & ടി.എച്ച്.എസ്.-ലെ നോൺ വൊക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് (ജൂനിയർ) ആയ ശ്രീമതി രേഷ്മ പി.ടി.യ്ക്ക് 24/09/2025 മുതൽ 05/11/2025 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അപ്സര ടി ടി

അണ്ടർ സെക്രട്ടറി

ശ്രീമതി രേഷ്മ പി.ടി., നോൺ വൊക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് (ജൂനിയർ), ഗവ.വി.എച്ച്.എസ്.എസ്. & ടി.എച്ച്.എസ്., വടകര

പൊതു വിദ്യാഭ്യാസ ഡയറക്ടർ,വി.എച്ച്.എസ്.ഇ. വിഭാഗം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Resmi Babu

Date: 12-05-2026 16:56:50